"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ മനിശ്ശേരി എ.യു.പി. സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണയ ഉത്തരവിനെതിരെ സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3211/2026/GEDN** തീയതി,തിരുവനന്തപുരം, 11-05-2026

പരാമർശം:-
1. സ.ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. പാലക്കാട് ജില്ലയിലെ മനിശ്ശേരി എ.യു.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 24/01/2026 തീയതി പുന:പരിശോധന ഹർജി.
3. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/02/2026 തീയതിയിലെ AEOOTP/125/2026-D നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/02/2026 തീയതിയിലെ DEOOTP/241/2026-B4 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/02/2026 തീയതിയിലെ DGE/15/2026-RA1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലായിൽ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിൽ മനിശ്ശേരി എ.യു.പി. സ്കൂളിന്റെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം അധിക തസ്തിക അനുവദിക്കുന്നത് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചതിനെതിരെ സ്കൂൾ മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. അപ്രകാരം, സ്കൂൾ മാനേജർ, പൊതുവിദ്യാഭ്യാസ വകുപ്പ് അധികാരികൾ എന്നിവരുമായി 21.02.2026 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

**2. ഹർജിക്കാരി താഴെ പറയും പ്രകാരം വാദിച്ചു :**

മനിശ്ശേരി എ.യു.പി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ D.DIS/D/43201/2022 തീയതി 20/8/2022 പ്രകാരം അനുവദിക്കുകയും, ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണവും, ക്ലാസ് മുറികളുടെ ലഭ്യതയും അനുസരിച്ച് LPST-3, UPST-3, ജൂനിയർ ഹിന്ദി-1 എന്നിങ്ങനെ അധിക തസ്തിക അനുവദിക്കുന്നതിന് ശിപാർശയും ചെയ്തിരുന്നു. ആറാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ എണ്ണവും, തസ്തിക നിർണ്ണയം പ്രകാരം അനുവദിച്ച ഡിവിഷനുകളുടെ എണ്ണവും, ലഭ്യമായ ക്ലാസ് മുറികളും താഴെ പറയും പ്രകാരമാണ്.

| ക്ലാസ് | I | II | III | IV | V | VI | VII | Total |
|---|---|---|---|---|---|---|---|---|
| ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം | 56 | 74 | 66 | 76 | 94 | 107 | 98 | 571 |
| തസ്തിക നിർണയത്തിന് കണക്കാക്കിയ എണ്ണം (Effective Strength) | 56 | 74 | 66 | 76 | 94 | 107 | 98 | 571 |
| നിർദ്ദിഷ്ട P.T.R പ്രകാരം അർഹതയുള്ള ഡിവിഷനുകൾ | 2 | 3 | 3 | 3 | 4 | 4 | 3 | 22 |
| മുൻ വർഷം നില നിന്നിരുന്ന ഡിവിഷനുകൾ (201-20 to 2021-22) | 2 | 2 | 2 | 2 | 3 | 3 | 2 | 16 |
| എ.ഇ.ഒ ശിപാർശ ചെയ്ത അധിക ഡിവിഷനുകൾ | | 1 | 1 | 1 | 1 | 1 | 1 | 6 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമായ ക്ലാസ് മുറികൾ (Compound 1 ൽ 10+ Compound 2 ൽ 21=31) | | | | | | | | 21+10=31 Rooms |
| മാനേജർ നിയമനം നടത്തിയ അധിക തസ്തികകൾ | | | | | | | 1 | UPST-1 |

വാണിയംകുളം പഞ്ചായത്ത് LSGD സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 27/05/2022-ന നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം 2 സ്കൂൾ കോമ്പൗണ്ടുകളിൽ ഉൾപ്പെട്ട 31 മുറികൾക്ക് ഫിറ്റ്നസ് ലഭിക്കുകയും ഈ കെട്ടിടങ്ങൾ എല്ലാം തസ്തിക നിർണ്ണയ ഉത്തരവിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. അധിക ഡിവിഷൻ അനുവദിക്കുന്നതിനായി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ ഉന്നത തല പരിശോധന നടത്തുകയും, അധിക തസ്തിക അനുവദിക്കുന്നതിന് കുട്ടികളുടെ എണ്ണം ബോധ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പൊതു വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ഉത്തരവ് നമ്പർ RA1/603370/2022 തിയ്യതി 12/7/2023 പ്രകാരം, അധിക ഡിവിഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്യാതെ നിരസിച്ചിരിക്കുകയാണ്.

സ്കൂളിൽ ആകെ ലഭ്യമായ 31 ക്ലാസ് മുറികളിൽ, 10 ക്ലാസ് മുറികൾ "ഇപ്പോൾ ക്ലാസ് നടത്തുന്നതിന് അനുയോജ്യമല്ല" എന്നും, ബാക്കിയുള്ള 21 ക്ലാസ് മുറികളിൽ 2 പ്രീ പ്രൈമറി, ഓഫീസ് റൂം-1, സ്റ്റാഫ് റൂം-1, കമ്പ്യൂട്ടർ ലാബ് -1 എന്നിങ്ങനെ 5 മുറികൾ കുറവ് ചെയ്താൽ, നിലവിലുള്ള 16 ഡിവിഷൻ പ്രവർത്തിക്കുന്നതിന് മാത്രമേ കെട്ടിടം ലഭ്യമായിട്ടുള്ളൂ എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തതിനാൽ ആണ് അധിക ഡിവിഷൻ നിരസിച്ചിരിക്കുന്നത് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ ഈ സ്കൂളിൽ യു.പി. വിഭാഗത്തിൽ ഒരു അധിക ഡിവിഷൻ പ്രവർത്തിക്കുന്നതിന് ക്ലാസ് മുറികൾ ഉണ്ടായിരുന്നതും, മാനേജർ ഒരു അധിക യു.പി.എസ്.ടി. തസ്തികയിൽ നിയമനം നടത്തിയതുമാണ്. ആയതിനാൽ, താഴെ പറയുന്ന വസ്തുതകൾ പരിഗണിച്ച്, 2022-23 വർഷത്തിൽ സ്കൂളിൽ അർഹതപ്പെട്ട ഒരു അധിക ഡിവിഷൻ അനുവദിക്കുന്നതിന് ഉത്തരവ് നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

1) ഈ സ്കൂൾ, 200 മീറ്റർ ദൂരെയുള്ള 2 കോമ്പൗണ്ടുകളിൽ ഉൾപ്പെട്ട കെട്ടിടങ്ങളിലാണ് മുൻപ് പ്രവർത്തിച്ചിരുന്നത്. UP വിഭാഗം പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയായപ്പോൾ, LP വിഭാഗവും ഇതേ കോമ്പൗണ്ടിലേക്ക് മാറ്റുകയും, മുൻപ് LP സെക്ഷൻ പ്രവർത്തിച്ചിരുന്ന കോമ്പൗണ്ടിലെ 10 ക്ലാസ് മുറികൾ ഒഴിഞ്ഞു കിടക്കുകയുമായിരുന്നു. ഈ ക്ലാസ് മുറികൾക്കെല്ലാം ഫിറ്റ്നസ് ലഭിച്ചിരുന്നു എങ്കിലും, കുറച്ചു ദൂരെയായി ഒറ്റപ്പെട്ടു കിടക്കുന്ന ഈ 10 മുറികളിൽ ക്ലാസുകൾ നടത്തിയിരുന്നില്ല.

2) സ്കൂൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ 2022-23 ൽ ആകെ 21 ക്ലാസ് മുറികൾ ലഭ്യമാണ് (Pre KER -6+ Post KER 15- TOTAL 21). KER പ്രകാരം UP സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ, Extra Space ആയി 2 മുറികൾ ഒഴിവാക്കിയാൽ മതി. പ്രീ പ്രൈമറി ക്ളാസുകൾ നടത്തുന്ന 2 മുറികൾ കൂടി മാറ്റി നിർത്തിയാൽ, ഒരു അധിക ഡിവിഷൻ ഉൾപ്പെടെ 17 ക്ലാസുകൾ പ്രവർത്തിക്കുന്നതിന് സ്ഥല സൗകര്യം ലഭ്യമായിരുന്നു എന്നതിനാൽ, മാനേജർ ഒരു അധിക UP.S.T തസ്തികയിൽ ശ്രീമതി ഷീന എസ്. എന്ന അധ്യാപികയെ 19/7/2022 മുതൽ ദിവസ വേതന നിരക്കിലും, 6/10/2022 മുതൽ റഗുലർ ആയും നിയമിക്കുകയും ചെയ്തിരുന്നു.

3) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നമ്പർ H2/12666/84/DPI തിയ്യതി 15/7/84 പ്രകാരം യു.പി. സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ, ഹെഡ്മാസ്റ്റർ റൂം, ഓഫീസ്, ടീച്ചേഴ്സ് റൂം, ലൈബ്രറി എന്നിവക്കായി 40 Feet x 20 Feet സ്ഥലം (2 ക്ലാസ് മുറികൾ) ഒഴിവാക്കിയാൽ മതിയാകുന്നതാണ്. കംപ്യൂട്ടറുകൾ സ്ഥാപിച്ച മുറിയിൽ ക്ലാസ് പ്രവർത്തിച്ചിരുന്നതിനാൽ, ഈ ക്ലാസ് മുറി എക്സ്ട്രാ സ്പേസ് ആയി ഒഴിവാക്കേണ്ടതില്ല. പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്ന 2 ക്ലാസ് മുറികൾ ഒഴിവാക്കിയാലും, 17 മുറികൾ ലഭ്യമായിരുന്നതിനാൽ, UP വിഭാഗത്തിൽ ഒരു അധിക ഡിവിഷൻ അനുവദിക്കേണ്ടതാണ്. ആവശ്യമായ ക്ലാസ് മുറികൾ ഉണ്ടായിരുന്നതിനാൽ, ഏഴാം ക്ലാസിൽ ഒരു അധിക ഡിവിഷൻ ഉൾപ്പെടെ UP-9, LP-8 എന്നിങ്ങനെ ആകെ 17 ക്ലാസ് ഡിവിഷനുകൾ പ്രവർത്തിച്ചിട്ടുണ്ട്.

4) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിശോധന സമയത്ത്, മുൻപ് LP വിഭാഗം പ്രവർത്തിച്ചിരുന്ന കോമ്പൗണ്ടിലെ 10 ക്ലാസ് മുറികൾ ഒഴിഞ്ഞു കിടന്നിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ, നിലവിൽ സ്കൂൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ ലഭ്യമായ ക്ലാസ് മുറികളുടെ അടിസ്ഥാനത്തിൽ ഒരു അധിക ഡിവിഷനിൽ മാത്രമാണ് മാനേജർ നിയമനം നടത്തിയിട്ടുള്ളൂ എന്നതിനാൽ, 2022-23 ൽ UP വിഭാഗത്തിൽ ഒരു അധിക ഡിവിഷനും, ഒരു UPST തസ്തികയും അനുവദിക്കുന്നതിനും, ശ്രീമതി ഷീന എസ്. എന്ന അധ്യാപികയുടെ നിയമനം 19/7/2022 മുതൽ ദിവസ വേതന നിരക്കിലും, 6/10/2022 മുതൽ റഗുലർ ആയും അംഗീകരിക്കുന്നതിന് കൂടി നിർദ്ദേശം നൽകി ഉത്തരവ് നൽകണമെന്ന് അപേക്ഷിക്കുന്നു.

**3. പൊതു വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് താഴെ കാണാവുന്നതാണ് :**

എ.യു.പി.എസ്. മനിശ്ശേരി സ്കൂളിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം പ്രീ- കെ.ഇ.ആർ. വിഭാഗത്തിൽ 14 മുറികളും പോസ്റ്റ് -കെ.ഇ.ആർ വിഭാഗത്തിൽ 17 മുറികളും കാണുന്നു. എന്നാൽ പരിശോധനയിൽ ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ 15 പോസ്റ്റ് കെ.ഇ.ആർ വിഭാഗത്തിലുള്ള മുറികളും (സ്റ്റേജ് അടക്കം) 4+2=6 പ്രീ-കെ.ഇ.ആർ വിഭാഗത്തിലുള്ള കെട്ടിടങ്ങളും കണ്ടെത്തി. എന്നാൽ ആകെയുള്ള 21 ക്ലാസ് മുറികളിൽ 2 ക്ലാസ്സുകളിൽ പ്രീ-പ്രൈമറി വിഭാഗവും ഒരു മുറിയിൽ കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നു. രണ്ട് എക്സ്ട്രാ സ്പേസ് ഒഴിവാക്കിയാൽ 16 മുറികൾ ലഭ്യമാണ്. ഏകദേശം 200 മീറ്റർ അകലത്തിൽ മറ്റൊരു കോമ്പൗണ്ടിൽ മുമ്പ് എൽ.പി. വിഭാഗം പ്രവർത്തിച്ചിരുന്ന പോസ്റ്റ് കെ.ഇ.ആർ വിഭാഗത്തിലുള്ള 2 മുറികളും പ്രീ കെ.ഇ.ആർ വിഭാഗത്തിൽ 8 മുറികളും ലഭ്യമാണ്. എന്നാൽ, ടി ക്ലാസ് മുറികൾ ഇപ്പോൾ ക്ലാസ് നടത്തുന്നതിന് അനുയോജ്യമല്ല എന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തുകയും ടി സ്കൂളിൽ അധിക തസ്തിക ഒന്നും തന്നെ അനുവദിക്കേണ്ടതില്ല എന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരുന്ന സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ

ടി സ്കൂളിന്റെ അധികം തസ്തിക പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നില്ല.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മനിശ്ശേരി എ.യു.പി. സ്കൂളിൽ 2022-23 അധ്യയന വർഷത്തിൽ 2022-23 വർഷത്തിൽ ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിന് ആകെ 22 ഡിവിഷനുകൾക്ക് അർഹത ഉണ്ടായതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എൽ.പി. വിഭാഗത്തിൽ 8 ഡിവിഷനുകളും യു.പി. വിഭാഗത്തിൽ 8 ഡിവിഷനുകളും എൽ.പി. വിഭാഗത്തിൽ 3 അധിക ഡിവിഷനും യു.പി. വിഭാഗത്തിൽ 3 അധിക ഡിവിഷൻ ഉൾപ്പെടെ 6 അധിക ഡിവിഷൻ ശുപാർശ ചെയ്തിരുന്നു.

എന്നാൽ, 2022-23 അധ്യയന വർഷത്തെ അധിക തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ നേരിട്ട് പരിശോധിച്ച പ്രകാരം പ്രവർത്തന യോഗ്യമായി കണ്ടത് 16 ക്ലാസ് മുറികൾ മാത്രമാണ്. രണ്ടാം കോമ്പൗണ്ടിൽ ക്ലാസ് നടത്തുന്നതിന് അനുയോജ്യമായ 10 മുറികൾ കണ്ടെത്തിയത് പ്രകാരം അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചില്ല. 2023-24 അധ്യയന വർഷത്തിൽ സ്കൂളിൽ 6 ക്ലാസ് മുറികൾ ഉൾപ്പെടുന്ന പുതിയ കെട്ടിടം നിർമ്മിച്ചതിനു ശേഷം ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ അടിസ്ഥാനത്തിൽ തൊട്ടടുത്ത വർഷങ്ങളിൽ അർഹതയുള്ള എൽ.പി. വിഭാഗത്തിലും യു.പി. വിഭാഗത്തിലും ഓരോ അധിക ഡിവിഷൻ അനുവദിച്ച് ആകെ 18 ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, 31 ക്ലാസ് മുറികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും KER അധ്യായം XXIII ചട്ടം 12(1) പ്രകാരം തസ്തിക നിർണയം, ഭൗതിക സൗകര്യങ്ങൾക്ക് വിധേയമായിരിക്കണം എന്നതിനാൽ ക്ലാസ് മുറികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ക്ലാസ് റൂം ആയി ഉപയോഗിക്കാൻ അനുയോജ്യമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധനയിൽ കണ്ടെത്തിയ മുറികൾ 16 മാത്രമാണ് എന്നതു പരിഗണിച്ച്, 2022-23 വർഷത്തെ തസ്തിക നിർണയ ഉത്തരവിനെതിരെ സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം (2) പുന:പരിശോധന ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം പാലക്കാട് - 679 101.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം - 679 101.
മാനേജർ, എ.യു.പി. സ്കൂൾ, മനിശ്ശേരി, പാലക്കാട് - 679 521.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/28/2026-G.EDN).

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 12-05-2026 11:34:07
സെക്ഷൻ ഓഫീസർ